പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 898 — 20.03.2013 -ൽ മറുപടിക്ക്.

## കരാർ നടപ്പിലാക്കാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ : | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർ നടത്തിവന്ന സമരത്തെതുടർന്ന് സർക്കാർ ഉണ്ടാക്കിയ കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഇരുപത് പ്രമുഖ സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളുമായി സർക്കാർ കരാർ ഉണ്ടാക്കുകയും സമരം ഒത്തുതീർപ്പാവുകയും ചെയ്തിട്ടുണ്ട്. |
| (ബി) കരാർ നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; | (ബി) | സ്വകാര്യ ആശുപത്രികളിൽ പരിശോധനകൾ നടത്തുന്ന അവസരത്തിൽ സർക്കാരുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താറുണ്ട്. കരാർ പാലിക്കാത്ത ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷനും, പ്രോസിക്യൂഷനും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) ഭൂരിഭാഗം ആശുപത്രികളിലും പ്രസ്തുത കരാർ നടപ്പാക്കാൻ കൂട്ടാക്കാതിരുന്നതിനെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ചില ആശുപത്രികളിൽ കരാർ പൂർണ്ണമായി നടപ്പാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) സർക്കാരുമായുണ്ടാക്കിയ ധാരണ നടപ്പിലാക്കാൻ തയ്യാറാകാത്ത ആശുപത്രി അധികൃതർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (ഡി) | സർക്കാരുമായുണ്ടാക്കിയ ധാരണ പൂർണ്ണമായി നടപ്പിലാക്കാൻ തയ്യാറാകാത്ത ആശുപത്രികൾക്കെതിരെ കരാർ നടപ്പിലാക്കു ന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കരാർ പ്രകാരം മിനിമം വേതനം എല്ലാ ജീവനക്കാർക്കും നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ മിനിമം വേജസ് നിയമപ്രകാരമുള്ള ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്ത് തുക ഈടാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.